## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1012** — **30.01.2019-ൽ മറുപടിക്ക്**

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പള വർദ്ധന

| ചോദ്യം | മറുപടി |
|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ.ടി. വി. ഇബ്രാഹിം<br>,, പി.കെ.ബഷീർ<br>,, സി.മമ്മൂട്ടി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരുടെ ശമ്പള വർദ്ധന ഉത്തരവ് എല്ലാ സ്വകാര്യ ആശുപത്രികളിലും നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇനിയും ഉത്തരവ് നടപ്പിലാക്കാത്ത സ്വകാര്യ ആശുപത്രികൾക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;<br><br>(ബി) ഉത്തരവ് പ്രകാരം ശമ്പള വർദ്ധനവ് നടപ്പാക്കിയ ആശുപത്രികളിൽ പലതും ശമ്പള കുടിശ്ശിക നൽകുന്നതിന് തയ്യാറാകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ; | (എ) യും (ബി) യും പരിശോധിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ ബഹു. ഹൈക്കോടതി സ്റ്റേ നിലവിലുള്ളതിനാൽ ഉത്തരവ് നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ശമ്പള കുടിശ്ശിക നൽകുന്നില്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിലും ബഹു.കോടതി വിധിയിന്മേൽ സ്റ്റേ ഒഴിവായി ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) സുപ്രീം കോടതി നിയോഗിച്ച സമിതി ശുപാർശ ചെയ്ത പ്രകാരമുള്ള ശമ്പളവും ആനുകൂല്യങ്ങളും എല്ലാ സ്വകാര്യ ആശുപത്രികളിലും നടപ്പിലാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) ബഹു. സുപ്രീം കോടതി നിയോഗിച്ച സമിതി ശുപാർശ ചെയ്ത പ്രകാരമുള്ള ശമ്പളത്തിന് സമാനമായ ശമ്പളമാണ് സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതന വിജ്ഞാപനത്തിലൂടെ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച വിജ്ഞാപനം നടപ്പാക്കുന്നതിന് ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളതിനാൽ ഈ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ.